പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2571 07.10.2016-ലെ മറുപടിക്ക്

## സ്കാനിയ ബസ്സുകൾ

**ചോദ്യം**

ശ്രീ. അടൂർ പ്രകാശ്
" വി.ടി.ബൽറാം
" കെ.എസ്.ശബരീനാഥൻ
" വി.എസ്.ശിവകുമാർ

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ. ടി.സി സർവ്വീസിനായി സ്കാനിയ ബസ്സുകൾ വാങ്ങിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കെ.എസ്.ആർ.ടി.സി കേരളാ ഗവൺമെന്റിന്റെ ഇ-പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ എല്ലാ ടെൻഡർ നടപടി ക്രമങ്ങളും പാലിച്ചാണ് സ്കാനിയ ബസ്സുകൾ വാങ്ങിയത്. ഈ ദർഘാസിൽ യോഗ്യത നേടിയ വോൾവോ, സ്കാനിയ എന്നീ രണ്ടു കമ്പനികളിൽ ഏറ്റവും കുറഞ്ഞ വില വാഗ്ദാനം ചെയ്ത സ്കാനിയ കമ്പനിയിൽ നിന്നാണ് ഈ ബസ്സുകൾ വാങ്ങിയത്. ബസ്സ് ഒന്നിന് രൂപ 99,15,923.69/- (എല്ലാ നികുതികളും ഉൾപ്പെടെ) |
| (ബി) | ഈ ബസ്സുകൾക്കുള്ള പ്രത്യേകതകൾ എന്തൊക്കെയാണ്; വിവരിക്കുമോ; | (ബി) | സ്കാനിയ മൾട്ടി ആക്സിൽ ബസ്സുകൾ Full Air Suspension നോടു കൂടിയ എ.സി ലക്ഷ്വറി ബസ്സുകൾ ആണ്. ഇവയുടെ സീറ്റുകൾ Calf Support ഓടു കൂടിയ Reclining seats ആണ്. ഇവ യാത്രക്കാർക്ക് സുഖപ്രദമായ യാത്ര പ്രദാനം ചെയ്യുന്നു. ഡ്രൈവിംഗ് സുഖകരമാക്കുന്നതിന് Automated Manual Transmission ആണ് ഈ വാഹനത്തിൽ ഘടിപ്പിച്ചിരിക്കുന്നത്. മൂന്ന് 22" LED TVയും Anti Lock Brake System വും ഈ വാഹനത്തിൽ ഉണ്ട്. അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനായി Emergency Exit Door ഘടിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എവിടെയൊക്കെയാണ് ഇത്തരം ബസ്സുകൾ സർവ്വീസ് നടത്തുന്നത്; വിശദാംശങ്ങൾ നൽകുമോ? | (സി) | ബാംഗ്ലൂർ, മൈസൂർ, മണിപ്പാൽ, മംഗലാപുരം, കോയമ്പത്തൂർ, മൂകാംബിക, കണ്ണൂർ എന്നിവിടങ്ങളിലേക്കാണ് സ്കാനിയ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ